# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378,0471 2727379 email : obcdirectorate@gmail.com


---

**BCDD-A1-991/13(1)** തീയതി : 09/02/2016

## വിശ്വകർമ്മ പെൻഷൻ
## അപേക്ഷകർക്കുള്ള അറിയിപ്പ്

**സം**സ്ഥാനത്തെ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള **BPL** വരുമാന പരിധിയിൽപ്പെട്ട, മറ്റ് ക്ഷേമ പെൻഷനുകളൊന്നും ലഭിക്കാത്തവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പെൻഷൻ പദ്ധതിയിൽ താൽക്കാലികമായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിൽ ഉൾപ്പെട്ടവർ ജനുവരി **15, 2016** നകം ലൈഫ് സർട്ടിഫിക്കറ്റും, മറ്റ് പെൻഷനുകളൊന്നും ലഭിയ്ക്കുന്നില്ലായെന്ന സാക്ഷ്യപത്രവും ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇനിയും നിരവധി പേർ സാക്ഷ്യപത്രങ്ങൾ ഹാജരാക്കാനുള്ളതായി സൂക്ഷ്മ പരിശോധനയിൽ കാണുന്നു. അത്തരത്തിലുള്ള അപേക്ഷകർക്ക് പെൻഷൻ അനുവദിക്കാനാവാത്ത സാഹചര്യമാണുള്ളത്. ടി അപേക്ഷകർക്ക് **ഫെബ്രുവരി 29 നകം** പേരിനൊപ്പം സൂചിപ്പിച്ചിട്ടുള്ള ന്യൂനത പരിഹരിച്ച് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതിന് ഒരു അവസരം കൂടി നൽകുന്നു. പട്ടിക അനുബന്ധമായി ചേർക്കുന്നു. പട്ടിക പരിശോധിച്ച് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതിന് ഇനിയൊരു അവസരം നൽകുന്നതല്ലായെന്നും അറിയിക്കുന്നു. എല്ലാ രേഖകളും ഹാജരാക്കിയവർക്കുള്ള പെൻഷൻ വിതരണം ഉടൻ നിർവ്വഹിക്കപ്പെടും. കൂടുതൽ വിവരങ്ങൾക്ക് **0471-2727379** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**ഡയറക്ടർ**